"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രതിമാസ വാടക വർദ്ധനവ് അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.184/2026/LBR   തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 107/2018/തൊഴിൽ തീയതി 27.01.2018

2. സ.ഉ.(സാധാ)നം. 195/2021/തൊഴിൽ തീയതി 31.01.2021

3. സ.ഉ.(സാധാ)നം. 977/2021/തൊഴിൽ തീയതി 14.08.2021

4. ലേബർ കമ്മീഷണറുടെ 26.02.2024,17.11.2025 തീയതികളിലെ LCO/2586/2022-EN(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്ത് വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും മറ്റ് നിയമപരമായ അവകാശങ്ങൾ സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്റുകൾ ആരംഭിക്കുന്നതിന് പരാമർശം (1), (2), (3) എന്നിവ പ്രകാരം അനുമതി നൽകിയിരുന്നു.

2 . ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആവാസ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേയ്ക്കായി ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകളുടെ വാടക വാർഷികാടിസ്ഥാനത്തിൽ പുതുക്കേണ്ട സാഹചര്യം ഉണ്ടെന്നും ഓരോ തവണയും വാടക പുതുക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കാരണം ഫെസിലിറ്റേഷൻ സെന്ററുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഭരണപരമായ വിഷയങ്ങളിലും ഫണ്ട് കൈകാര്യം ചെയ്യുന്നതിലും കാലതാമസം വരുന്നുണ്ടെന്നും അത് ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഫെസിലിറ്റേഷൻ സെന്ററുകളുടെ വാടകയിനത്തിൽ 15000/- രൂപ വരെ പ്രതിമാസം അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാരം നിശ്ചയിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്ററുകളുടെ വാടക വർദ്ധനവ്

കണക്കിലെടുത്ത് പ്രതിമാസ വാടക പരമാവധി 15000/- രൂപ വരെ അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാരം ലേബർ കമ്മീഷണർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** കൂടാതെ പ്രതിമാസ വാടകത്തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യകത, വാടകതുകയുടെ കൃത്യത എന്നിവ ലേബർ കമ്മീഷണർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ, ഐ& പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ **E2/60/2024-LBRD**

ഉത്തരവിൻ പ്രകാരം

Signed by
Divya Sasidharan
സെക്ഷൻ ഓഫീസർ
Date: 10-02-2026 17:16:47

പകർപ്പ്- ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എസ്-ന്
തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്